**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5314** **21-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി ഡ്രൈവിംഗ് സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നില്ല. ഡ്രൈവിംഗ് സ്കൂളിന്റെ ടെസ്റ്റ് ഗ്രൗണ്ടിനുള്ള സ്ഥലം ലഭ്യമായിട്ടുള്ള യൂണിറ്റുകളിലും റീജിയണൽ വർക്ക്ഷോപ്പുകളിലുമാണ് ഡ്രൈവിംഗ് സ്കൂൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.<br><br>കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിലും റീജിയണൽ വർക്ക്ഷോപ്പുകളിലും ടെസ്റ്റ് ഗ്രൗണ്ടിനായുള്ള സ്ഥലലഭ്യതയും ക്ലാസ്സ് റൂമിനായുള്ള കെട്ടിടവും ഉള്ള യൂണിറ്റുകളിലാണ് ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുവാൻ തീരുമാനിച്ചത്.<br><br>ആദ്യഘട്ടത്തിലെ 12 ഡ്രൈവിംഗ് സ്കൂളുകളിൽ 10 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് (സ്റ്റാഫ് ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം, കാട്ടാക്കട, വിതുര, ആറ്റിങ്ങൽ, ചാത്തന്നൂർ, ചടയമംഗലം, ചാലക്കുടി, ചിറ്റൂർ, റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ, മാനന്തവാടി) 2 എണ്ണം 2025 മാർച്ച് മാസത്തിൽ ആരംഭിക്കുന്നതാണ് (റീജിയണൽ വർക്ക്ഷോപ്പ് മാവേലിക്കര, നെടുമങ്ങാട്).<br><br>രണ്ടാം ഘട്ടത്തിൽ 8 സ്ഥലങ്ങളിൽ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ട പൂവാർ, നിലമ്പൂർ, പൊന്നാനി എന്നീ യൂണിറ്റുകളിലെ ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചു. |
| (ബി) | ഇല്ലെങ്കിൽ എല്ലാ ഡിപ്പോകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | സ്ഥല ലഭ്യതയ്ക്കനുസരിച്ച് വിവിധ യൂണിറ്റുകളിലും റീജിയണൽ വർക്ക്ഷോപ്പുകളിലും ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ